Dream Dare Win www.jeywin.com

CS (MAIN) EXAM, 2010

No. 027

D-DTN-K-NMA

# MALAYALAM

## Paper I

## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

***INSTRUCTIONS***

***Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam.***

## SECTION A

**1.** താഴെകൊടുത്തിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുനൂറുവാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപതു മാർക്കു് വീതം : *20×3=60*

(a) മലയാളത്തിനു് ഔത്പത്തികമായി തമിഴിനോട് ബന്ധം കല്പിക്കാനാവില്ലെന്നും, അതു് മൂലദ്രാവിഡത്തിൽനിന്നു് നേരിട്ടു



www.jeywin.com Dream Dare Win

Dream Dare Win www.jeywin.com

പിരിഞ്ഞുവന്നതാണെന്നും ചില പണ്ഡിതന്മാർ വാദിച്ചിട്ടുണ്ട്. അവരുടെ വാദങ്ങളുടെ സ്വീകാര്യത പരിശോധിക്കുക.

(b) മണി പ്രവാളത്തില 'ഭാഷ' അപാമര ജനവർത്തിയായിരിക്കണം എന്ന നിഷ്കർഷത്തിന്റെ പ്രസക്തി എന്തു് ?

(c) ഭാഷാ സാംസ്കാരിക രംഗങ്ങളിൽ നിരണം കവികൾ തുടങ്ങിവച്ച പരിഷ്കരണം പൂർണ്ണതയിൽ എത്തുന്നതു് എഴുത്തച്ഛനിലാണു് — ചർച്ച ചെയ്യുക.

(d) 'കുറച്ചു പറഞ്ഞു കൂടുതൽ ധ്വനിപ്പിക്കുകയല്ല; കൂടുതൽ പറഞ്ഞു കുറച്ചു ധ്വനിപ്പിക്കുകയാണു് ചെറുശ്ശേരിയുടെ ശൈലി' — ഈ നിരീക്ഷണം പൂർണ്ണമായും ശരിയാണോ ?

2. അഞ്ചുനാടുകൾ ഉൾപ്പെടുന്ന കേരളത്തിലെ കൊടുന്തമിഴാണു് മലയാളമായിപ്പരിണമിച്ചതു് എന്ന വാദത്തിനു് അവലംബമായി ഏ.ആർ. രാജരാജവർമ്മ അവതരിപ്പിച്ച ബാഹ്യവും ആഭ്യന്തരവുമായ തെളിവുകൾ എന്തെല്ലാം ? ഈതെളിവുകൾ ക്കെതിരേ പില്ക്കാല ഭാഷാ ഗവേഷകർ ഉന്നയിച്ച യുക്തികളേവ ? ഇരുപക്ഷത്തെയും വാദമുഖങ്ങൾ വിമർശന ദൃഷ്ട്യാ പരിശോധിക്കുക. *60*



www.jeywin.com Dream Dare Win

3. മധ്യകാല മലയാള ഗദ്യകൃതികളുടെ ഭാഷാ പരമായ സവിശേഷതകൾ വിവരിച്ച് ഈ ഭാഷ ഭാഷാ കൗടിലീയ ഭാഷയിൽ നിന്നും വ്യതിരിക്തമായിരിക്കുന്നത് എപ്രകാരമെന്നു ചൂണ്ടിക്കാണിക്കുക. *60*

4. മലയാളം ഇപ്പോഴും പൂർണ്ണമായി ഒരു ഭരണ ഭാഷയായി മാറിയിട്ടുണ്ടോ ? ഈ മേഖലയിലെ പുരോഗതി വിലയിരുത്തി ഉചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുമോ ? *60*

Dream Dare Win www.jeywin.com

## SECTION B

5. താഴെകൊടുത്തിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഒരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപതു മാർക്കു വീതം : *20×3=60*

(a) വെൺ മണിയുടെ ഘട്ടത്തിൽ ഉത്തമ പുരുഷൻ കാവ്യ വിഷയമായിരുന്നെങ്കിലും വ്യക്തിയുടെ സുവേതരാനുഭൂതികൾ അന്തസ്സുറ്റ കാവ്യ വിഷയമല്ലെന്ന സങ്കല്പം നിലവിലുണ്ടായിരുന്നു. ഇതിൽ നിന്നൊരു വ്യതിയാനമാണ് ഖണ്ഡകാവ്യങ്ങൾ — ഉപവാദിക്കുക.

(b) ചെറുകഥയുടെ ആഖ്യാന തന്ത്രത്തിലും ആവിഷ്കാര രീതിയിലും മലയാളത്തിൽ ധീരമായ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട് — ആധുനിക കഥയുടെ വെളിച്ചത്തിൽ പരിചിന്തിക്കുക.

(c) ആധുനികാനന്തരകാലഘട്ടത്തിൽ മലയാള നോവലിന്റെ ആധാരശ്രുതിയിൽ സംഭവിച്ചിരിക്കുന്നമാറ്റം ആധുനികതയുടെ അടിസ്ഥാനഭാവങ്ങളിൽനിന്ന് ഏറെ ഭിന്നവും മൗലികവുമാണ് — ശരിയോ ?



www.jeywin.com Dream Dare Win

Dream Dare Win www.jeywin.com

(d) നാടക വേദിയും നാടകസാനിത്യവും തമ്മിലുള്ള പരസ്പര ഗുരകത്വത്തിന്റെ അഭാവം മലയാളത്തിലെ നാടക സാനിത്യത്തിന്റെ വികാസപരിണാമങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ ?

6. ഉന്നരാധുനിക പരിസരത്തിലെ കവികളുടെ പുതുരചനകൾ അന്തർഭാവ പരവും ശില്പപരവുവായ ബഹു സ്വരത എങ്ങനെ പ്രകടിപ്പിക്കുന്നു എന്നു് അന്വേഷിക്കുക. *60*

7. സാഹിത്യ വിമർശനത്തിനു് ശരിയായ ഒരടിത്തറ പണിയുന്നതിൻ മലയാളത്തിലെ പഴയപത്രമാസികകൾ ഏത്രത്തോളം സഹായിച്ചിട്ടുണ്ട് ? *60*

8. വിശാലമായ അർത്ഥത്തിലുള്ള ദേശീയ ബോധം ആശാനിലും ഉള്ളൂരിലും വള്ളത്തോളിലും വ്യത്യസ്ത സ്വഭാവങ്ങളോടു കുടിയാണു് ഉൾച്ചേർന്നിരിക്കുന്നത്. മുവരുടെയും ആശയലോകങ്ങൾ തുലനം ചെയ്തു് നിരൂപിക്കുക. *60*



www.jeywin.com Dream Dare Win